**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** **06-10-2025 - ൽ മറുപടിയ്ക്ക്**

**പതിനാറാം ധനകാര്യ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനാറാം ധനകാര്യ കമ്മീഷൻ തീർപ്പുകൾ സംബന്ധിച്ച റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്നാണ് സർക്കാർ കരുതുന്നത്; സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തൊക്കെ ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ; | (എ) | പതിനാറാം ധനകാര്യ കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള 31.12.2023-ലെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം പ്രകാരം കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2025 ഒക്ടോബർ 31-നകം സമർപ്പിക്കേണ്ടതുണ്ട്. 2026-31 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന Vertical Fiscal Imbalance (VFI) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിനും മറ്റു സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കുന്നതിനുമായി Population 2011 (32.5%), Demographic Performance (22.5%), Income Distance (30%), Area (5%), Forest Cover (7.5%), Population Density (2.5%) എന്നീ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള (SDRMF) കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനുമുള്ള വ്യക്തമായ പ്രോപ്പോസലും മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ, ധനഫെഡറലിസം ശക്തിപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റേറ്റ്/സെക്ടർ സ്പെസിഫിക് ഗ്രാന്റുകൾ അനുവദിച്ചു നൽകണമെന്നും തൊഴിൽ നികുതിയുടെ ceiling ഉയർത്തുന്ന വിഷയം പരിഗണിക്കണമെന്നും കേരളം മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അർഹമായ നികുതി വിഹിതം ലഭിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കഴിയില്ല. |
| (ബി) | മുൻകാല ധനകാര്യ കമ്മീഷൻ തീർപ്പുകളിൽ നേരിട്ട വിവേചനം പരിഹരിക്കുന്നതിനും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനും സഹായകമായ ഏതെല്ലാം നിർദേശങ്ങളാണ് ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ; | (ബി) | പതിനാറാം ധനകാര്യ കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള 31.12.2023-ലെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനം പ്രകാരം കമ്മീഷൻ അതിന്റെ റിപ്പോർട്ട് 2025 ഒക്ടോബർ 31-നകം സമർപ്പിക്കേണ്ടതുണ്ട്. 2026-31 കാലയളവിലേക്കുള്ള ശിപാർശകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ സംസ്ഥാനം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന Vertical Fiscal Imbalance (VFI) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നതിനും മറ്റു സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതം ലഭിക്കുന്നതിനുമായി Population 2011 (32.5%), Demographic Performance (22.5%), Income Distance (30%), Area (5%), Forest Cover (7.5%), Population Density (2.5%) എന്നീ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്കുള്ള (SDRMF) കേന്ദ്രവിഹിതം വർദ്ധിപ്പിക്കുന്നതിനുമുള്ള വ്യക്തമായ പ്രോപ്പോസലും മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ, ധനഫെഡറിലസം ശക്തിപ്പെടുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, സ്റ്റേറ്റ്/സെക്ടർ സ്പെസിഫിക് ഗ്രാന്റുകൾ അനുവദിച്ചു നൽകണമെന്നും തൊഴിൽ നികുതിയുടെ ceiling ഉയർത്തുന്ന വിഷയം പരിഗണിക്കണമെന്നും കേരളം മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് അർഹമായ നികുതി വിഹിതം ലഭിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കഴിയില്ല. |
| (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ നികുതി വിന്യാസത്തിൽ ഉണ്ടായ കുറവ് എത്രയാണ്; ഈയിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആകെ എത്ര തുകയാണ് കുറവ് വന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് അനുവദിച്ചു നൽകിയ നികുതി വിഹിതം 2.5 ശതമാനമായിരുന്നുവെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 1.925 ശതമാനമായി കുറഞ്ഞു. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വർഷം തോറും വരുന്നത്. |

സെക്ഷൻ ഓഫീസർ